# Arts practice (കലാപ്രയോഗം)

2020ലെ കലാപ്രയോഗ പദ്ധതിയുടെ അവലോകനം നിർവഹിച്ചത് Justin McCarthy, Neelam Mansingh, Gitanjali Rao and Sanjay Kak ഉം ചേർന്ന വിദഗ്ധരുടെ ഒരു സംഘമായിരുന്നു. അവർ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ കലാ പ്രയോഗ മേഖലയ്ക്കും പരോപകാരത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായ സഹകരണങ്ങൾ നിർവ്വഹിക്കുന്നതിന് പുതിയ കാഴ്ചപ്പാടുകൾ ഞങ്ങൾ സ്വരൂപിച്ചിരുന്നു. Visual Arts and Films and for Performance and Literature ഉം കേന്ദ്രീകരിച്ചു നടത്തിയ അഭിപ്രായങ്ങൾ കാണുവാൻ ഈ ലിങ്ക് സന്ദർശിക്കുക). വിദഗ്ധർ പങ്കു വെച്ച നിർദേശങ്ങളെ പരിഗണിച്ചു കൊണ്ടാണ് ഇപ്പ്രാവശ്യത്തെ കലാപ്രയോഗ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

കലാപ്രവർത്തകർക്ക് അവരുടെ വർത്തമാനകാല പ്രവർത്തനങ്ങളെ പുതിയൊരു ദിശയിലേക്ക് വികസിപ്പിക്കുവാൻ ശേഷി നൽകുന്ന വിധമാണ് കലാപ്രയോഗ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കലയിലെ വ്യവസ്ഥാപിത സമ്പ്രദായങ്ങളെ ചോദ്യം ചെയ്യാനും; ഉള്ളടക്കം കൊണ്ട് പുതിയ മേഖലകളെ തുറന്നു കാണിക്കാനും; സ്ഥലം, സംവേദകർ, സമൂഹങ്ങൾ തുടങ്ങിയവയെ കുറിച്ച് നവീനമായ ഇടപെടലുകൾ സാധ്യമാക്കാനും; പരീക്ഷണാഭിമുഖ്യത്തെ ഉൾവഹിക്കുന്ന പ്രയോഗ പദ്ധതികളെ പ്രോത്സാഹിപ്പിക്കാനുമാണ് ലക്ഷ്യം വെയ്ക്കുന്നത്.

പ്രാരംഭദശയിലുള്ള ആശയങ്ങളുടെ വിപുലീകരണം, കലാസൃഷ്ടികളുടെ സാക്ഷാത്ക്കാരം, സെമിനാറിലൂടെയും ശിൽപ്പശാലകളിലൂടെയും റസിഡൻസികളിലൂടെയും ആവിഷ്ക്കരിക്കാൻ കഴിയുന്ന സംവാദമേഖലകളുടെ രൂപീകരണം, കലാപ്രയോക്താക്കൾക്കിടയിലെ ഐക്യദാർഢ്യം സാധ്യമാക്കുന്ന തരത്തിലുള്ള വേദികളുടെ പരിപോഷണം തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്. ഇംഗ്ലീഷിനൊപ്പം മറ്റുള്ള ഇന്ത്യൻ ഭാഷകളിൽ നിന്നുമുള്ള കലാപ്രയോക്താക്കളുടെ പങ്കാളിത്തത്തെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പ്രൊപോസൽ തയ്യാറാക്കുന്നതിനെ പറ്റി ചർച്ച ചെയ്യാൻ IFA യുടെ സ്റ്റാഫുമായി ബന്ധപ്പെടാവുന്നതാണ്. പൂർത്തിയായ പ്രൊപോസൽ എഴുത്ത് രൂപത്തിലോ ശബ്ദരൂപത്തിലോ വിഡീയോ രൂപത്തിലോ സമർപ്പിക്കാവുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന മേഖലകളിലാണ് പദ്ധതികൾ ക്ഷണിക്കുന്നത്

1. പര്യവേഷണാത്മകമായ അന്വേഷണങ്ങൾ (Explorations)
   അഭൂതപൂർവ്വമായതും നിർവ്വഹിക്കാൻ വെല്ലുവിളി നിറഞ്ഞതും കലാരൂപമായി സാക്ഷാത്ക്കരിക്കാൻ സാധ്യമായതും അല്ലാത്തതുമായ പദ്ധതികൾ പരിശോധിക്കാനും പരീക്ഷിക്കാനും പ്രയോഗിക്കനുമാണ് ഈ മേഖല ശ്രമിക്കുന്നത്. ഗവേഷണം, തിരക്കഥാ രചന, ജാമിംഗ്, സ്റ്റോറി ബോർഡ് നിർമ്മാണം, റിഹേർസൽ, ഗവേഷണവുമായി ബന്ധപ്പെട്ട മാതൃകാ ശേഖരണവും പരിശോധനയും (sampling) ഇതിന്റെ ഭാഗമാണ്. കൂടാതെ സൂക്ഷ്മാശയങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിടുന്ന ഏതൊരു പദ്ധതിയും ഇതിന് കീഴിൽ വരുന്നു.
   ബഡ്ജറ്റ്: പരമാവധി 75,000 രൂപ വരെ
   പ്രൊപോസൽ സ്വീകരിക്കുന്ന സമയം : വർഷത്തിൽ ഒരു തവണ പ്രോപോസലിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

2. കലാസൃഷ്ടികളുടെ ആവിഷ്ക്കാരം (Productions)
   അവതരണ സ്വഭാവമുള്ള കലാസൃഷ്ടികൾ, ശബ്ദ കേന്ദ്രിതമായ ആവിഷ്ക്കാരങ്ങൾ, ചിത്ര കല, ഡിജിറ്റൽ സൃഷ്ടികൾ സാഹിത്യ കൃതികൾ, വിഷയാന്തർ സ്വഭാവമുള്ള സൃഷ്ടികൾ തുടങ്ങിയവയുടെ ആവിഷ്ക്കാരം ഈ മേഖലയുടെ പരിധിയിൽ വരുന്നു. നാടകം, നൃത്തം, സംഗീതാവതരണങ്ങൾ, ഇൻസ്റ്റലേഷനുകൾ, കലാ പ്രദർശനങ്ങൾ, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചലച്ചിത്രം മാധ്യമമായി വരുന്ന കലാസൃഷ്ടികൾ, ഗെയിമുകൾ, ഇന്റർഫേസ് ഉൾപ്പെടെയുള്ള മറ്റ് ഡിജിറ്റൽ കലാസൃഷ്ടികൾ തുടങ്ങിയ ആവിഷ്ക്കാരങ്ങലാണ് ഇതിൽപെടുന്നത്.
   ബഡ്ജറ്റ്: പരമാവധി 5,00,000രൂപ വരെ
   പ്രൊപോസൽ സ്വീകരിക്കുന്ന സമയം : വർഷത്തിൽ ഒരു തവണ പ്രോപോസലിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

3. ശിൽപ്പശാലകൾ, റസിഡൻസികൾ, സെമിനാറുകൾ:

   ആശയ വിനിമയം, സംവാദം, സംഭാഷണം, പഠനം, മാർഗദർശനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യവും അന്തരീക്ഷവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. കലാപ്രവർത്തകരെ പോഷിപ്പിക്കുന്നതിനും; സഹവർത്തിത്വസ്വഭാവമുള്ളതും പരീക്ഷണാത്മകവുമായ സംരംഭങ്ങളെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ജ്ഞാന

നിർമ്മിതിയിലൂന്നിയതും, ഉൾക്കാഴ്ച ഉണർത്തുന്നതുമായ കലാപ്രയോഗങ്ങളുടെ ആവിഷ്ക്കാരവും വികാസവും കൂടി ഇത് ലക്ഷ്യമിടുന്നുണ്ട്.
ബഡ്ജറ്റ്: പരമാവധി 3,00,000രൂപ വരെ
പ്രൊപോസൽ സ്വീകരിക്കുന്ന സമയം : വർഷത്തിൽ ഏതു സമയവും പ്രൊപോസലിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

4. കലാവേദികൾ

സഹവർത്തിത്വം ലക്ഷ്യമിട്ടുള്ളതും, ക്രിയാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതും കലാപ്രയോഗങ്ങളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതുമായ പൊതുവേദികളും പ്രയോഗസ്ഥലികളും, കൂട്ടായ്മകളുടെ ശ്രുംഖലകളും, യഥാതഥമായോ അല്ലാതെയോ നിർമ്മിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ മേഖല വിഭാവനം ചെയ്തിട്ടുള്ളത്.

ബഡ്ജറ്റ്: പരമാവധി 1,50,000രൂപ വരെ

പ്രൊപോസൽ സ്വീകരിക്കുന്ന സമയം : വർഷത്തിൽ ഏതു സമയവും പ്രൊപോസലിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

(ഐഎഫ്എ മുഖാന്തിരം മുൻപ് നടപ്പിലാക്കിയ കലാവിഷ്ക്കാരങ്ങളുടെ പ്രചാരണത്തിന് ഫണ്ട് ലഭ്യമായേക്കാം. പ്രോഗ്രാം ഓഫീസർമാരുമായുള്ള സമ്പർക്കത്തിലൂടെ ഈ പ്രോജക്ടുകൾ വികസിപ്പിക്കാൻ കഴിയും. കേസ് അടിസ്ഥാനത്തിൽ ആയിരിക്കും ബജറ്റ് തീരുമാനിക്കുക.)

**ആർക്കൊക്കെയാണ് പ്രോപോസലുകൾ അയക്കാൻ കഴിയുന്നത്?**

- സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്, ചിത്രകല, ശിൽപ്പകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യൂറേറ്റർമാർ

- കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**യോഗ്യത**

നിങ്ങൾ ഒരു ഇന്ത്യൻപൗരനാണെങ്കിൽ പ്രോജക്റ്റ് പ്രൊപോസൽ അയയ്ക്കാൻ അർഹതയുണ്ട്. നിങ്ങളുടെ സഹപ്രവർത്തകരും ഇന്ത്യൻ പൗരന്മാരായിരിക്കണം.

തുടർന്നുള്ള അന്വേഷണങ്ങൾക്ക് സുമന ചന്ദ്രശേഖറെയോ (sumana@indiaifa.org) ജോൺ സേവ്യറെയോ (john@indiaifa.org) ബന്ധപ്പെടാവുന്നതാണ്.

കൂടാതെ ഈ മേൽവിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

Programme Officer, Arts Practice
India Foundation for the Arts
'Apurva' Ground Floor, No 259, 4th Cross
Raj Mahal Vilas 2nd Stage, 2nd Block
Bangalore – 560 094
Phone: 080-2341 4681 / 82